പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2188 — 04.11.2019 ൽ മറുപടിക്ക്

## ആർ.എസ്.ബി.വൈ. പദ്ധതി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ആർ.എസ്.ബി.വൈ. പദ്ധതിയിലുൾപ്പെട്ടിരുന്ന കുടുംബങ്ങളെ എ.ബി. കെ.എ.എസ്.പി. (ആയുഷ്മാൻ ഭാരത്-കാരുണ്യ) പദ്ധതിയിലാക്കി പുതുക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ചികിത്സാനുകൂല്യം ലഭ്യമാകുന്നതിനായി ഓരോ അംഗങ്ങൾക്കും പ്രത്യേകം ഫോട്ടോ കാർഡ് നൽകുവാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ തലത്തിൽ എൻറോൾമെൻറ് ക്യാമ്പ് സംഘടിപ്പിക്കുകയും കുടുംബശ്രീ പ്രവർത്തകർ മുഖേന ഗുണഭോക്താക്കളെ പ്രസ്തുത ക്യാമ്പിൽ എത്തിക്കുകയും ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. പത്ര മാധ്യമങ്ങൾ വഴി യഥാസമയം എൻറോൾമെൻറ് സംബന്ധമായ അറിയിപ്പുകൾ ജനങ്ങളിലേക്കു എത്തിച്ചിരുന്നു. നിലവിൽ കണക്കാക്കിയിരുന്ന ഗുണഭോക്താക്കളിൽ 98.57% കുടുംബങ്ങളും കാർഡ് സ്വീകരിച്ചു കഴിഞ്ഞു. അംഗത്വം നേടിയ കുടുംബത്തിലെ മറ്റു അംഗങ്ങൾക്കു പദ്ധതിക്കായി ജില്ലാ തലത്തിൽ ഒരുക്കിയ സെൻ്ററിൽ ഫോട്ടോ പതിച്ച കാർഡ് സ്വീകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. |
| (ബി) | ശയ്യാവലംബികളായ രോഗികൾക്കും പെട്ടെന്ന് ആശുപത്രിയിൽ കിടത്തി ചികിത്സ വേണ്ടി വരുന്നവർക്കും പ്രസ്തുത ഫോട്ടോ കാർഡ് ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ആശുപത്രി കേന്ദ്രീകരിച്ചു എമെർജൻസി സെൻ്ററുകൾ പ്രവർത്തിച്ചു കിടത്തിച്ചികിത്സ ഉടൻ വേണ്ടുന്ന രോഗികൾക്കു കാർഡ് നൽകുന്നതിനുള്ള സൗകര്യം ഒരുക്കി. ശയ്യാവലംബികളായ രോഗികൾക്കും മൊബൈൽ എൻറോൾമെൻറ് കിറ്റ് വഴി ആവശ്യപ്പെടുന്നതിനനുസരിച്ച് വീടുകളിൽ ചെന്ന് കാർഡ് നൽകുന്ന സംവിധാനവും ഏർപ്പെടുത്തിയിരുന്നു. |

Hari

സെക്ഷൻ ഓഫീസർ